പരിശ്രമം നടത്തി പ്രത്യേക ചില സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും പ്രൊഡക്ടിവിറ്റി കൂട്ടുന്നതിനുമുള്ള നടപടി എടുത്തിട്ടുണ്ട്. ഇപ്പോൾ പ്രൊഡക്റ്റിവിറ്റി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ കാര്യങ്ങളിൽ നമ്മുടെ തന്നെ inhouse research നടക്കുന്നുണ്ട്. അത് ശക്തിപ്പെടുത്തുന്നതിനും കോംപറ്റിറ്റേഴ്സിനെ നേരിടുന്നതിനുമുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*124) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നേരിട്ട് ഇടപെടാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പല പൊതുമേഖലാ സ്ഥാപനങ്ങളേയും രക്ഷപ്പെടുത്തുന്നതിനുവേണ്ടി പണം നൽകുന്ന സർക്കാർ, ആ പണം എപ്രകാരമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ചെലവഴിക്കുന്നതെന്ന് മോണിറ്റർ ചെയ്യാറില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു മോണിറ്ററിംഗ് ആണ് സർക്കാർ നടത്താറുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ തുക നൽകിയിട്ടുള്ളത് ഏതു പൊതുമേഖലാ സ്ഥാപനത്തിനാണെന്നും എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) നേരിട്ട് ഇടപെടാറില്ല. എന്നാൽ ഡയറക്ടർ ബോർഡിൽ നിയമിച്ചിട്ടുള്ള സർക്കാർ പ്രതിനിധികൾ അതാത് സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്. കൂടാതെ ഭരണ വകുപ്പുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്ത് നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ബി)-(സി) ഡയറക്ടർ ബോർഡിലെ സർക്കാർ ഡയറക്ടർമാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ മോണിറ്റർ ചെയ്യുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആനുകാലിക അവലോകനം നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുവാൻ പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെ (റിയാബിനെ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 441 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly